LIBRARY ARCHIVES Kerala Legislative Assembly

ശിപാർശയിന്മേൽ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് കൃഷി ഡയറക്ടർ ഫണ്ട് അനുവദിക്കുകയാണ് ചെയ്യുന്നത്.

(ബി) മടകുത്തുന്നതിന്റെ പണം യഥാസമയം ലഭിക്കാതെ വരുന്നതുമൂലം പാടശേഖരസമിതികൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. 2020 ആഗസ്റ്റ് മാസത്തിനുശേഷമുണ്ടായ മടവീഴ്ചകളുമായി ബന്ധപ്പെട്ട് 57 പാടശേഖരങ്ങൾക്ക് മട പുനർനിർമ്മാണത്തിനും ബണ്ട് ഉയർത്തുന്നതിനും വേണ്ടി 120 ലക്ഷം രൂപ സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വിഴിഞ്ഞം ബ്രാഞ്ച് ചാനലിന്റെ കട്ട്&കവറിന്റെ ഇൻലെറ്റ്&ഔട്ട് ലെറ്റ് നീളം കൂട്ടൽ

163(5610) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം നിയോജകമണ്ഡലത്തിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ വിഴിഞ്ഞം ബ്രാഞ്ച് ചാനലിന്റെ 7100 ചെയ്നേജിലുള്ള കട്ട് & കവറിൽ ഇരുവശത്തേയും മണ്ണിടിഞ്ഞുവീണ് കനാൽ ബണ്ട് റോഡ് അപകടാവസ്ഥയിലായതിനാലും ചാനലിൽനിന്നും വളരെ ഉയരത്തിലാണ് കനാൽ ബണ്ട് റോഡ് സ്ഥിതി ചെയ്യുന്നത് എന്നതിനാലും വാഹനങ്ങൾ കനാലിലേയ്ക്ക് വീഴുന്നതിനും യാത്രക്കാർക്കും പ്രദേശവാസികൾക്കും അപകടം ഉണ്ടാകുന്നതിനുമുള്ള സാധ്യത പരിഗണിച്ച് ഈ കട്ട് & കവറിന്റെ ഇൻലെറ്റ് & ഔട്ട്ലെറ്റ് നീളം കൂട്ടി കനാലും റോഡും സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

നിലവിലുള്ള കട്ട് & കവർ രണ്ടുവശത്തേയ്ക്കും നീട്ടുന്നതിന് ഏകദേശം 1 കോടി രൂപ ചെലവുവരും. കനാലിന്റെ വാർഷിക അറ്റകുറ്റപ്പണികൾക്ക് നൽകുന്ന ഫണ്ടിൽനിന്നും ഇതിലേയ്ക്കായി തുക മാറ്റിവയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നില്ല. ആയതിനാൽ ഇതിനായി പ്രത്യേക ഫണ്ട് കണ്ടെത്തിയാൽ മാത്രമേ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളുവെന്നതിനാൽ പ്രത്യേക ഫണ്ട് അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ പദ്ധതി വിഭാഗം-2 ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.